## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 293      22/02/2016-ൽ മറുപടിയ്ക്ക്

## വാഴ കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്.**<br>**,, എസ്.ശർമ്മ.**<br>**,, വി.ചെന്താമരാക്ഷൻ.**<br>**,, പുരുഷൻ കടലുണ്ടി.** | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കാർഷിക മേഖലയിൽ വാഴകൃഷിക്ക് എത്ര ശതമാനം പങ്കുണ്ടെന്ന കാര്യം വിശദമാക്കാമോ; | എ) 2013-14 സാമ്പത്തിക വർഷത്തിലെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ 4.47 ശതമാനം സ്ഥലം വാഴക്കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്. |
| ബി) ചെറുകിട-ഇടത്തരം കൃഷിക്കാർക്ക് വാഴകൃഷി നടത്തുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | ബി) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി വാഴക്കൃഷി നടത്തുന്നതിന് ചെറുകിട-ഇടത്തരം കൃഷിക്കാർക്ക് ധനസഹായം നൽകിവരുന്നുണ്ട്.<br>ടി പദ്ധതി പ്രകാരം വിളവിസ്തൃതി വ്യാപനത്തിനായി ഹെക്ടറൊന്നിന് മൊത്തം ചെലവിന്റെ 40 ശതമാനമായ 35000/- രൂപ രണ്ട് വർഷക്കാലയളവിലേയ്ക്ക് ധനസഹായമായി നൽകിവരുന്നു. ടിഷ്യുക്കൾച്ചർ വാഴക്കൃഷിയ്ക്കായി ഹെക്ടറൊന്നിന് മൊത്തം ചെലവിന്റെ 40 ശതമാനമായ 50,000 രൂപ രണ്ട് വർഷക്കാലയളവിലേയ്ക്ക് ധനസഹായമായി നൽകിവരുന്നു. പരമാവധി 4 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകിവരുന്നത്. |

| | | | |
|---|---|---|---|
| സി) | വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് ഇത്തരം കർഷകരെ വലിയ ദുരിതത്തിൽ ആഴ്ത്തുന്ന കാര്യം അറിയാമോ; | സി) | വിലയിടിവ് കർഷകർക്ക് പ്രയാസങ്ങൾക്കിടയാക്കുന്നുണ്ട് |
| ഡി) | വാഴക്കുലയുടെ സംഭരണ വിപണന മേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ഡി) | വിപണനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിളവെടുപ്പനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പാക്ക്ഹൗസ് നിർമ്മിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 2 ലക്ഷം രൂപയും, റൈപ്പനിംഗ് ചേമ്പർ സ്ഥാപിക്കുന്നതിന് സമതലപ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 35 ശതമാനമായ 35000 രൂപയും മലയോര പ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50000 രൂപയും ധനസഹായമായി നൽകുന്നു. കൂടാതെ, വിപണനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രാമീണ വിപണി സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 55 ശതമാനമായ 13.75 ലക്ഷം രൂപയും ധനസഹായമായി നൽകുന്നു.<br><br>വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്വാശ്രയ കർഷക സമിതികൾ, പച്ചക്കറി ചില്ലറ വില്പനശാലകൾ എന്നിവ വഴി സംഭരണ വിപണന സൗകര്യം ലഭ്യമാണ്. |

| | |
|---|---|
| ഇ) ഉല്പാദനച്ചെലവിന് ആനുപാതികമായി സബ്സിഡി നൽകി തറവില നിശ്ചയിച്ച് വാഴകൃഷിക്കാരെ സഹായി-ക്കുന്നതിന് തയ്യാറാകുമോ? | ഇ) സാധാരണ വാഴക്കന്ന് ഉപയോഗിച്ചുള്ള വാഴകൃഷിയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച മൊത്തം ഉത്പാദന ചെലവായ 87,500/- രൂപയുടെ 40 ശതമാനമായ 35,000/- രൂപ രണ്ട് വർഷങ്ങളിലായും ടിഷ്യുക്കൾച്ചർ വാഴ ഉപയോഗിച്ചുള്ള വാഴകൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം ഉത്പാദന ചെലവായ 1.25 ലക്ഷം രൂപയുടെ 40 ശതമാനമായ 50,000/- രൂപ രണ്ട് വർഷങ്ങളിലായും കർഷകർക്ക് ധനസഹായമായി നൽകുന്നുണ്ട്.<br><br>കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന അവസരങ്ങളിൽ ഉൽപ്പാദനം അധികമുള്ള സ്ഥലങ്ങളിൽ നിന്നും മറ്റു സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ സപ്പോർട്ട്, ഉൽപ്പാദന ചെലവിന് ആനുപാതികമായി തറവില നിശ്ചയിച്ച് ഫെയർ പ്രൈസ് സപ്പോർട്ട് എന്നിവ നൽകാറുണ്ട്. ഇതിനായി കർഷക പങ്കാളിത്തത്തോടെ റിസ്ക് ഫണ്ട് രൂപീകരിച്ച് ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന അവസരങ്ങളിൽ റിസ്ക് ഫണ്ടിൽ നിന്നും ധന സഹായം നൽകുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ